# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 831** **8.3.2012-ൽ മറുപടിക്ക്.**

## റോഡുസുരക്ഷയ്ക്കായി ബോധവൽക്കരണപരിപാടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. പി. വിൻസെന്റ്:<br>ശ്രീ. സണ്ണി ജോസഫ്:<br>ശ്രീ.എ. പി. അബ്ദുള്ളക്കുട്ടി:<br>ശ്രീ.സി.പി .മുഹമ്മദ്: | | ശ്രീ. വി. എസ്. ശിവകുമാർ<br>(ഗതാഗതവും ദേവസ്വവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്തെ റോഡുസുരക്ഷയ്ക്കായി എന്തെല്ലാം ബോധവൽക്കരണ പരിപാടികളാണ് സ്വീകരിച്ചു വരുന്നത്; | (എ) | കേരള റോഡ് സുരക്ഷ അതോറിറ്റി, ദശകം പദ്ധതിയുടെ ഭാഗമായി റോഡ് സുരക്ഷാ ബോധവൽക്കരണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി അനുവദിച്ച ഫണ്ട് ഉപയോഗിച്ച് വിദ്യാർത്ഥികൾ, അധ്യാപകർ, ഡ്രൈവിംഗ് ടെസ്റ്റിന് തയ്യാറെടുക്കുന്നവർ, ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർ, ട്രാൻസ്പോർട്ട് വാഹനങ്ങളുടെ ഡ്രൈവർമാർ എന്നിവർക്ക് പ്രത്യേക പരിശീലനം സംസ്ഥാനത്തൊട്ടാകെ നടത്തിവരുന്നു. കൂടാതെ ടിപ്പർ ലോറി ഡ്രൈവർമാർക്കും സ്കൂൾ ബസ് ഡ്രൈവർമാർക്കും പ്രത്യേക പരിശീലനം നൽകി വരുന്നു. ദൃശ്യ - ശ്രാവ്യ മാധ്യമങ്ങൾ വഴി ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള പരിപാടികളും നടത്തിവരുന്നുണ്ട്. ലഘുലേഖകൾ, ചെറു പുസ്തകങ്ങൾ എന്നിവ അച്ചടിച്ചു വിതരണം ചെയ്യുകയും, ബാനർ, പോസ്റ്റർ തുടങ്ങിയ പരസ്യ ഉപാധികൾ ഉപയോഗിച്ചും ബോധവൽക്കരണം നടത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | വാഹനാപകടങ്ങൾ കുറയ്ക്കുവാൻ പോലീസ്, മരാമത്ത് എന്നീ വകുപ്പുകളുമായി സഹകരിച്ച് പ്രവർത്തിക്കുവാൻ തയ്യാറാകുമോ; | (ബി) | നിലവിൽ മോട്ടോർ വാഹന വകുപ്പ്, പോലീസ് വകുപ്പ്, മരാമത്ത് വകുപ്പ് എന്നീ വകുപ്പുകളും ബന്ധപ്പെട്ട മറ്റെല്ലാ വകുപ്പുകളും സഹകരിച്ചാണ് വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നത്. കേരള റോഡ് സേഫ്റ്റി അതോറിറ്റിയിൽ പ്രസ്തുത വകുപ്പുകളുടെ പ്രതിനിധികളും ഉണ്ട്. |
| (സി) | റോഡുനിർമ്മാണത്തിലെ അപാകത പരിഹരിക്കുവാൻ റോഡ് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | റോഡുകളിൽ അപകട സാദ്ധ്യതയുള്ള മേഖലകളിലെ അപകടസാദ്ധ്യത കുറയ്ക്കുന്നതിന് റോഡ് സേഫ്റ്റി ഫണ്ടിൽ നിന്നും ലഭിക്കുന്ന തുക ഉപയോഗിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ